(സി)-(ഇ)പ്രസ്തുത സർവ്വേ റിപ്പോർട്ട് ലഭ്യമല്ല.

(എഫ്)ഹ്രസ്വവും ദീർഘവുമായ പദ്ധതികൾ ഉണ്ട്. അനുപൂരകപോഷണം (Supplementary feeding) നൽകുക, വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുക, ഭക്ഷ്യപൊതുവിതരണം ഊർജ്ജിതപ്പെടുത്തൽ, സൗജന്യ റേഷൻവിതരണം മുതലായവ ഇതിൽപ്പെടും. പക്ഷേ ഇത്തരം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വകുപ്പുകൾ, സാമൂഹ്യക്ഷേമവകുപ്പ്, ഭക്ഷ്യവിതരണ വകുപ്പ്, റവന്യൂ വകുപ്പ് മുതലായവയാണ്. ആരോഗ്യവകുപ്പിന്റെ പോഷകാഹാര പ്രവർത്തനങ്ങളിൽ അനുപൂരകപോഷണവും മറ്റും ഉൾപ്പെടുന്നില്ല.

133 (1737) ആതുര ശുശ്രൂഷാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആതുര ശുശ്രൂഷാ സൗകര്യങ്ങൾ കുറവുള്ള സ്ഥലങ്ങളിൽ പുതിയ ആശുപത്രികൾ തുടങ്ങുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ആയുർവേദ ആശുപത്രികൾ ആരംഭിക്കുമെന്നുള്ള പ്രഖ്യാപനം നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) എങ്കിൽ അതിനുവേണ്ടിയുള്ള സ്ഥലങ്ങൾ തീരുമാനിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കേരളത്തിലെ 2 പഞ്ചായത്തുകൾ ഒഴികെ മറ്റല്ലായിടത്തും അനുവദിച്ചുകഴിഞ്ഞു. ആയുർവേദ ഹോമിയോ ചികിൽസാ കേന്ദ്രങ്ങൾ സാമ്പത്തിക ലഭ്യതയ്ക്കനുസൃതമായി ഘട്ടംഘട്ടമായി എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) നടപ്പു സാമ്പത്തികവർഷം പുതിയ ആയുർവേദ ഡിസ്പെൻസറികൾ എവിടെയൊക്കെ ആരംഭിക്കണമെന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(ഡി) ബന്ധപ്പെട്ട പഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ സാമ്പത്തികലഭ്യതയനുസരിച്ച് സ്ഥലനിർണ്ണയം നടത്തുന്നത്. ഈവർഷം 100 ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

134 (1738) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താൻ നടപടി

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ഏതെല്ലാം പ്രാഥമികാരോഗ്യകേന്ദ്രങ്ങളാണ് ഇപ്പോൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഗവൺമെന്റ് ഉയർത്തിയത് എന്നറിയിക്കുമോ;

(ബി) പുതുതായി പ്രഖ്യാപിച്ച കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഏതെല്ലാം നിലവിൽ ഫസ്റ്റ് റഫറൽ യൂണിറ്റാണ് എന്നറിയിക്കുമോ;

(സി) കൊല്ലം ജില്ലയിലെ ഒരു ഫസ്റ്റ് റഫറൽയൂണിറ്റായ കടയ്ക്കൽ ഗവൺമെന്റ് ആശുപത്രി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കുകവഴി എന്തെല്ലാം അധികസൗകര്യങ്ങൾ ഈ ആശുപത്രിയിലുണ്ടാക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) കടയ്ക്കൽ ഗവൺമെന്റ് ആശുപത്രിയിൽ സർജനേയും ഗൈനക്കോളജിസ്റ്റിനേയും നിയമിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ വർഷം പി.എച്ച്.സികളെ/ഗവൺമെന്റ് ആശുപത്രികളെ സാമൂഹ്യാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) കടയ്ക്കൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (ചടയമംഗലം ബ്ലോക്ക്)

(സി) മെഡിക്കൽ, സർജറി, ഗൈനക്കോളജി, പീടിയാട്രിക്സ് തുടങ്ങിയ വിദഗ്ദ്ധ ഭിഷഗ്വരൻമാരുടെ സേവനം ലഭ്യമാക്കും.

(ഡി) 20.12.99ലെ ഇ.എ1-25/98/ഡി.എച്ച്.എസ് എന്ന ഉത്തരവ് പ്രകാരം ഒരു ഗൈനക്കോളജിസ്റ്റിനെ പ്രസ്തുത ആശുപത്രിയിൽ നിയമിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിൽ ഡോക്ടറുടെ ഒഴിവ് വരുന്ന മുറയ്ക്ക് സർജനെ നിയമിക്കുന്നതാണ്.

135 (1739) മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

ശ്രീ. പി.ജെ. ഫ്രാൻസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1973-ലെ കേന്ദ്ര സെൻട്രൽ കൗൺസിൽ ആക്ടിൽ നിർദ്ദേശിച്ച പ്രകാരം മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ കൊണ്ടുവരുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിന്റെ പരിധിയിൽ മലബാർ പ്രദേശത്തേയും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) കേന്ദ്ര നിയമത്തിലെ വ്യവസ്ഥയനുസരിച്ച് കേരളത്തിൽ പ്രാക്ടീസ് ചെയ്യുന്ന ഹോമിയോപ്പതി ഡോക്ടർമാരുടെ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചു വരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly